KSEB
കേരളത്തിന്റെ ഊർജ്ജം

KERALA STATE ELECTRICITY BOARD Ltd
(Incorporated under the Companies Act, 1956)
Registered Office: Vydyuthi Bhavanam, Pattom,
Thiruvananthapuram – 695 004
CIN: U40100KL2011SGC027424
Website: www.kseb.in
Phone: +91 471 2514685, 2514331
Email: ddkseb@kseb.in

No. DIRDIT-AE1/2022/CMO Portal/001 (1)

Dated: 29.04.2022

<u>പരിപത്രം</u>

Sub:- മുഖ്യമന്ത്രിയുടെ പൊതുജന പരാതി പരിഹാര സംവിധാനം – സി.എം.ഒ പോർട്ടൽ ചാർജ്ജ് ഓഫീസറുടെ നിയമനം – പരാതിയുടെ തീർപ്പാക്കൽ പുരോഗതി വിലയിരുത്തുന്നതിനും പ്രതിമാസ റിപ്പോർട്ട് സമർപ്പിക്കുന്നതിനും – മാനദണ്ഡങ്ങളും ചുമതലകളും - സംബന്ധിച്ച്.

Ref :- (1) സ.ഉ (സാധാ) നമ്പർ.111/2022/ഉഭപവ തീയതി 28.03.2022.
(2) 31.03.2022 തീയതിയിലെ സി.എം.സി.സി 04.10.2022/സി.എം.സി.സി നമ്പർ സർക്കാർ കത്ത്.
(3) 31.03.2022 തീയതിയിലെ സർക്കാർ പരിപത്രം നമ്പർ.സി.എ.സി.സി, 04.10.2022/സി.എം.സി.സി.
(4) 20.04.2022 തീയതിയിലെ ഓഫീസ് ഓർഡർ (സി.എം.ഡി) നമ്പർ. 520/2022 (എസ്റ്റാ.V/സി.എം.ഒ പോർട്ടൽ/2015/2022)
(5) 26.04.2022 തീയതിയിലെ സി.എം.ഡി. യ്ക്ക് സമർപ്പിച്ച കുറിപ്പ് നമ്പർ. DIRDIT-AE1/2022/CMO Portal/001

മുഖ്യമന്ത്രിയുടെ പൊതുജന പരാതി പരിഹാര സംവിധാനത്തിന്റെ പ്രവർത്തന നിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പരാതികൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനും, പരാതികളുടെ തീർപ്പാക്കൽ പുരോഗതി വിലയിരുത്തുന്നതിനും, പ്രതിമാസ റിപ്പോർട്ട് സമർപ്പിക്കുന്നതിനുമായി കെ.എസ്.ഇ.ബി.എൽ.-ൽ, സി.എം.ഒ. പോർട്ടൽ ചാർജ്ജ് ഓഫീസറെ നിയമിക്കണമെന്നും വിശദാംശങ്ങൾ ഓഫീസിൽ പ്രദർശിപ്പിക്കണമെന്നുമുള്ള നിർദ്ദേശം മേൽ സൂചന (1 മുതൽ 3 വരെ) പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് കീഴിലുള്ള ഓഫീസുകളിൽ ചാർജ്ജ് ഓഫീസർമാരെ നിയമിക്കുന്നതിനും സി.എം.ഒ പോർട്ടൽ വഴിയുള്ള പരാതി പരിഹാരം സുഗമമാക്കുന്നതിനുമായി താഴെപ്പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. നിലവിൽ സി.എം.ഒ. പോർട്ടൽ ലോഗിൻ ലഭ്യമായിട്ടുള്ള എല്ലാ കാര്യാലയങ്ങളിലും ഓഫീസ് മേധാവിയ്ക്ക് തൊട്ടു താഴെയുള്ള ഓഫീസറെ ചാർജ്ജ് ഓഫീസറായി നിയമിക്കേണ്ടതും ഈ വിവരം സി.എം.ഒ. പോർട്ടലിൽ രേഖപ്പെടുത്തേണ്ടതുമാണ്. അഥവാ ചാർജ്ജ് ഓഫീസറുടെ വിവരം രേഖപ്പെടുത്തുന്നതിനുള്ള സൗകര്യം ലഭ്യമല്ലെങ്കിൽ ആ വിവരം cmcc@kerala.gov.in എന്ന ഇമെയിൽ വിലാസത്തിൽ ലോഗിൻ ഐഡി സഹിതം ഉടൻ തന്നെ അറിയിക്കേണ്ടതാണ്.

2. എല്ലാ എ.ആർ.യു. കളിലും അതിന് മുകളിലേയ്ക്കുള്ള കാര്യാലയങ്ങളിലും നിർബന്ധമായും സി.എം.ഒ. പോർട്ടൽ ലോഗിൻ ഉണ്ടായിരിക്കേണ്ടതാണ്. ഏതെങ്കിലും കാര്യാലയത്തിൽ മേല്പറഞ്ഞ ലോഗിൻ

ലഭ്യമല്ലെങ്കിൽ ഓഫീസ് മേധാവിയുടെ പേര്, എംപ്ലോയീ കോഡ്, ഡെസിഗ്നേഷൻ, ഓഫീസ് മേൽവിലാസം, ഔദ്യോഗിക ഇമെയിൽ വിലാസം, ഔദ്യോഗിക മൊബൈൽ ഫോൺ നമ്പർ എന്നിവ സഹിതം ksebccs@kseb.in എന്ന ഇമെയിൽ വിലാസത്തിൽ അപേക്ഷ നൽകി സി.എം.ഒ പോർട്ടൽ ലോഗിൻ ലഭ്യമാക്കേണ്ടതും അതിനു ശേഷം ചാർജ്ജ് ഓഫീസറെ നിയമിക്കേണ്ടതുമാണ്.

3. സി.എം.ഒ. പോർട്ടൽ ലഭ്യമായ എല്ലാ കാര്യാലയങ്ങളിലും സൂചന (1) അനുബന്ധ പ്രകാരമുള്ള ബോർഡ്, ഓഫീസിലെത്തുന്നവരുടെ ശ്രദ്ധയിൽപ്പെടുംവിധം പ്രാധാന്യത്തോടെ പ്രദർശിപ്പിക്കേണ്ടതാണ്.

4. ഇപ്രകാരം നിയമിക്കപ്പെടുന്ന ചാർജ്ജ് ഓഫീസറുടെ പേര്, തസ്തിക, ബന്ധപ്പെടേണ്ട മൊബൈൽ, ലാന്റ് ഫോൺ നമ്പറുകൾ എന്നിവ ചീഫ് എൻജിനീയറുടെ ഓഫീസ് തലത്തിൽ ക്രോഡീകരിച്ച്, 05.05.2022 നകം ചീഫ് എൻജിനീയർ (ഐ.ടി, സി.ആർ. & ക്യാപ്സ്) - നെ (ceit@kseb.in) ഇമെയിൽ മുഖേന അറിയിക്കേണ്ടതാണ്.

5. സംഖ്യ (4) പ്രകാരമുള്ള ലിസ്റ്റ് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ, ശ്രദ്ധിക്കപ്പെടുന്ന രീതിയിൽ 2022 മെയ് 10-നകം പ്രസിദ്ധീകരിക്കുന്നതിനായി ചീഫ് എൻജിനീയർ (ഐ.ടി., സി.ആർ. & ക്യാപ്സ്) നെ ചുമതലപ്പെടുത്തുന്നു.

6. സി.എം.ഒ. പോർട്ടൽ ലോഗിൻ ലഭ്യമായ എല്ലാ കാര്യാലയങ്ങളിലും ഓഫീസ് മേധാവിയോ, ചാർജ്ജ് ഓഫീസറോ വിരമിക്കുകയോ, സ്ഥലം മാറുകയോ, ചാർജ്ജ് കൈമാറുകയോ ചെയ്യുന്ന സാഹചര്യങ്ങളിൽ-

(എ) ഓഫീസ് മേലധികാരി – ഈ വിവരം ksebccs@kseb.in എന്ന ഇമെയിൽ വിലാസത്തിൽ അറിയിക്കേണ്ടതും പുതിയ ഓഫീസ് മേലധികാരിയുടെ പേരിൽ ലോഗിൻ കൈപ്പറ്റേണ്ടതുമാണ്.

(ബി) ചാർജ്ജ് ഓഫീസർ -- മേല്പറഞ്ഞ മാറ്റം സി.എം.ഒ പോർട്ടലിലും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ഔദ്യോഗിക വെബ്സൈറ്റിലും ബന്ധപ്പെട്ട ഓഫീസിൽ പ്രദർശിപ്പിച്ചിരിക്കുന്ന ബോർഡിലും യഥാസമയം മാറ്റേണ്ടതാണ്.

7. എല്ലാ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാരും, ചീഫ് എഞ്ചിനീയർമാരും, അതാത് ഡയറക്ടർ/ വകുപ്പുതല മേധാവികളും തങ്ങളുടെ നിയന്ത്രണത്തിലുള്ള ഉദ്യോഗസ്ഥരുടെ യോഗം നിർബന്ധമായും എല്ലാ മാസവും വിളിച്ച് ചേർത്ത്, പരാതി തീർപ്പാക്കൽ പുരോഗതി വിലയിരുത്തേണ്ടതും, റിപ്പോർട്ട് സി.എം.ഒ. പോർട്ടലിലെ "റിവ്യൂ മീറ്റിങ് റിപ്പോർട്ട്" എന്ന മെനു ഉപയോഗിച്ച് സമർപ്പിക്കേണ്ടതുമാണ്.

8. മേൽ സൂചന 1 മുതൽ 3 വരെയുള്ളവയുടെ പകർപ്പ് ഇതോടൊപ്പം അനുബന്ധമായി ചേർത്തിട്ടുണ്ട്. അതിൻപ്രകാരമുള്ള നടപടികൾ എല്ലാ കാര്യാലയങ്ങളിലും സ്വീകരിച്ചിട്ടുണ്ട് എന്ന് അതാത് ഓഫീസ് മേധാവികൾ ഉറപ്പ് വരുത്തേണ്ടതാണ്.

(Sd/-)
Dr.ASHOK B
Chairman & Managing Director

To

1. സി.എം.ഒ. പോർട്ടൽ - ൽ ലോഗിൻ ലഭ്യമായിട്ടുള്ള എല്ലാ ഓഫീസ് മേധാവികൾക്കും.
2. പ്രിൻസിപ്പൽ സെക്രട്ടറി, ഊർജ്ജ വകുപ്പ്.
3. മുഖ്യമന്ത്രിയുടെ കാര്യാലയത്തിലെ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി.
4. ചീഫ് എൻജിനീയർ (ഐ.ടി., സി.ആർ. & ക്യാപ്സ്).
5. സ്റ്റോക്ക് ഫയൽ.

Forwarded / By Order

30.04.2022
Assistant Engineer (Ele.)